**POLICE** **DEPARTMENT**

**KERALA**

**No. E3-39056/2019/T**
District Police Office,
Thiruvananthapuram Rural
✉sptvmrl.pol@kerala.gov.in
✆04712302296
Dated. 04-01-2021

**ലേല പരസ്യം**

തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ അധീനതയിൽ മംഗലപുരം പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിൽ അപകടാവസ്ഥയിൽ നില്ക്കുന്ന ഒരു മാവ് ലേലം ചെയ്ത് വില്പന നടത്തുന്നതിനായി 15/01/2021 രാവിലെ 11 മണിക്ക് പരസ്യമായി ലേലം ചെയ്ത് കൊടുക്കാൻ തീരുമാനിച്ചിരിക്കുന്നു. ടി ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം കൃത്യ സമയത്ത് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് താഴെ പറയുന്ന പ്രകാരം നിരതദ്രവ്യം കെട്ടി വയ്ക്കേണ്ടതുമാണ്.

| ക്രമ നമ്പർ | മരം | ചുറ്റളവ് (in cm) | നിരതദ്രവ്യം (in Rs.) |
|---|---|---|---|
| 1 | മാവ് | 234 | 1250/- |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർക്ക് സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗമോ 14/01/2021 തീയതി വൈകുന്നേരം 4 മണിക്ക് മുൻപായി മംഗലപുരം ISHOയുടെ ഓഫീസിൽ കിട്ടത്തക്കവണ്ണം നല്കാവുന്നതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന നിശ്ചിത തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. ദർഘാസുകൾ ലേലത്തിനു ശേഷം തുറക്കുന്നതും യുക്തമെന്ന് തോന്നുന്ന പക്ഷം ലേലത്തിലോ ദർഘാസിലോ ഏതിലാണോ തുക കൂടുതൽ ആയതിൽ ലേലം താത്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.

ഇപ്രകാരം ലേലം ഉറപ്പിച്ചു കിട്ടുന്നവർ ലേലത്തുകയുടെ പകുതി ലേല സ്ഥലത്ത് വച്ചുതന്നെ അടയ്ക്കേണ്ടതും ബാക്കി തുകയും ലേലത്തുകയുടെ 5% വന വികസന നികുതിയും അപ്രകാരമുള്ള ആകെ തുകയുടെ 18% GST യും ലേലത്തുകയുടെ 1% പ്രളയ സെസ്സും ഉൾപ്പെടെ ലേലം ഉറപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ചാലുടൻ തന്നെ അടയ്ക്കേണ്ടതും മരം സ്വന്തം ചിലവിൽ മുറിച്ചു മാറ്റേണ്ടതുമാണ്.

പ്രസ്തുത നിബന്ധനകൾക്ക് വിപരീതമായി ലേലം കൊണ്ടയാൾ നിലകൊള്ളുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേയ്ക്ക് മുതൽകൂട്ടുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും. പുനർലേലത്തിൽ എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് ടിയാനിൽ നിന്നും ഈടാക്കുന്നതും മുൻ തുകയേക്കാൾ കൂടുതൽ കിട്ടിയാൽ ആയതിന്മേൽ ടിയാന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.മേല്പറഞ്ഞ മരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ മംഗലപുരം ISHO യുടെ അനുവാദത്തോടെ രാവിലെ 10നും 5നും ഇടയ്ക്ക് പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ഈ ലേലം റദ്ദാക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനുമുള്ള അധികാരം തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്.



B Asokan IPS
District Police Chief

E3-39056/2019/T

046617

| | | |
|---|---|---|
| To | : | 1) തിരുവനന്തപുരം സെൻട്രൽ പ്രസ് സൂപ്രണ്ടിന് ഗസറ്റിൽ വിജ്ഞാപനത്തിനായി അയയ്ക്കുന്നു.<br>2) ADGP SCRB യ്ക്ക് പോലീസ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി അയയ്ക്കുന്നു. |
| Copy To | : | 1) എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും കമണ്ടാൻമാർക്കും ആവശ്യമായ പരസ്യം നൽകുന്നതിനായി അയയ്ക്കുന്നു. 2) തിരുവനന്തപുരം റൂറൽ പരിധിയിലെ എല്ലാ ഓഫീസർമാർക്കും വ്യാപക പരസ്യത്തിനായി അയയ്ക്കുന്നു. |

Internal Administrative Processing System
iAPS
KERALA POLICE